മുതൽ പതിനാലുവരെയുമുള്ള നിവേദനങ്ങളിൻമേൽ സ.സ്ഥാന സർക്കാർ തീരുമാനമെടുക്കുന്നതാണ്. പത്താമത്തെ നിവേദനത്തിൽ പറയുന്ന കാര്യത്തിന് ഇപ്പോൾത്തന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പതിനഞ്ചാമത്തെ നിവേദനത്തിന്റെ കാര്യത്തിലാകട്ടെ ബാദ്ധ്യതകൾ ഉള്ള കേസ്സുകളിൽ ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റി പിടിച്ചുവച്ചുകൊണ്ട് പെൻഷൻ കൊടുക്കാൻ അപ്പഴപ്പോൾ നിർദ്ദേശങ്ങൾ നൽകാറുണ്ട്. വനം വകുപ്പ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും ഈ നിർദ്ദേശം ബാധകമാണ്.

സ.സ്ഥാന ജീവനക്കാരുടെ പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

1984 [3056] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചു വർഷവും അതിലധികവുമായി പെൻഷൻ കിട്ടാത്തവർ സംസ്ഥാനത്ത് എത്രപേരുണ്ട്;

(ബി) ഒരു വർഷത്തിനകം പെൻഷൻ നൽകാൻ സാധിച്ചില്ലെങ്കിൽ അത്തരം കേസുകളിൽ പെൻഷൻകാർക്ക് പലിശ നൽകാൻ നടപടി എടുക്കുകയും പലിശ സംഖ്യ പെൻഷൻ അനുവദിക്കുന്ന മേലുദ്യോഗസ്ഥനിൽനിന്ന് പിടിച്ചെടുക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ഡിപ്പാർട്ടുമെന്റ് മേധാവികൾ പെൻഷൻ നല്കുന്നതുകൊണ്ട് ഈ വിവരം കൃത്യമായി ഇപ്പോൾ നല്കാൻ സാധിക്കുന്നതല്ല. വിവരം ശേഖരിച്ചുകൊണ്ടിരിക്കുന്നു.

(ബി) 10-4-1985-ലെ സർക്കുലർ നമ്പർ 31/85/ഫിൻ. പ്രകാരം ഇത് സാദ്ധ്യമാണ്.

പെൻഷൻകാരുടെ ആനുകൂല്യങ്ങൾ

1985 [3057] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻപറ്റിയവരുടെയും ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ നിശ്ചയിച്ച ഗോപാലൻനമ്പ്യാർ കമ്മീഷൻ പെൻഷൻകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ശുപാർശ ചെയ്തിരുന്നത്;

(ബി) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ പെൻഷൻകാരെ സംബന്ധിക്കുന്ന എന്തെല്ലാം ശുപാർശകൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്;

(സി) ബാക്കിയുള്ള ശുപാർശകൾ നടപ്പാക്കുന്നതു സംബന്ധിച്ച് 1986 ആഗസ്റ്റ് പതിനാലിന് പെൻഷൻകാരുടെ സംഘടനയും സർക്കാരും തമ്മിൽ ചർച്ച നടത്തുകയുണ്ടായോ;

(ഡി) ഉണ്ടെങ്കിൽ ആ ചർച്ചയിൽവെച്ച് സമ്മതിച്ച കാര്യങ്ങൾ എന്തൊക്കെയാണ്;

(ഇ) ഇവ എന്നു മുതൽ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗോപാലൻനമ്പ്യാർ കമ്മീഷന്റെ ശുപാർശകൾ താഴെപ്പറയുന്നവയാകുന്നു.

(1) 1-7-1978-ലെ അടിസ്ഥാന പെൻഷനെ ആധാരമായി എല്ലാ പെൻഷൻകാർക്കും ഒരു നിശ്ചിത ശതമാനം ഇടക്കാലാശ്വാസമായി നൽകുക.

(2) പെൻഷൻകാർക്കും സർവീസിലുള്ളവർക്ക് അനുവദിക്കുന്ന അതേ നിരക്കിൽതന്നെ ക്ഷാമബത്താ വർദ്ധനവ് നൽകുക.

(3) 1-7-1983-ൽ ക്ഷാമബത്ത അടക്കമുള്ള മിനിമം പെൻഷൻ 255 രൂപയായും, ക്ഷാമബത്ത അടക്കമുള്ള കുടുംബപെൻഷൻ 204 രൂപയായും ഉയർത്തുക.

(4) ഭാവിയിൽ കുടുംബപെൻഷന്റെ നിരക്ക് താഴെപറയുന്ന വിധം ഉയർത്താനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

അടിസ്ഥാനശമ്പളത്തിന്റെ ആദ്യത്തെ 1,000 രൂപയുടെ 25%വും, അതിനുശേഷമുള്ളതിന്റെ 20%വും, ഏറ്റവും കുറഞ്ഞ കുടുംബപെൻഷൻ 250 രൂപയായും വ്യവസ്ഥ ചെയ്യുക. സർവ്വീസിലിരുന്നോ പെൻഷൻ പറ്റിയോ മരിക്കുന്ന കേസ്സുകളിൽ ആദ്യത്തെ 10 വർഷമോ, 65 വയസ്സോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് അതുവരെ ഉയർന്ന നിരക്കിൽ കുടുംബപെൻഷൻ നൽകുക.

(5) പെൻഷൻ അവസാനത്തെ 10 മാസത്തെ ശരാശരി ശമ്പളത്തിന്റെ 50%മായി നിശ്ചയിക്കുക.

(6) പെൻഷൻ പരിധി 1,500-ൽ നിന്നും 1,750 ആയും ഡി.സി.ആർ.ജി.യുടേതു 36,000-ത്തിൽനിന്നും 45,000 രൂപയായും ഉയർത്തുക.

(7) ലിബറലൈസ്ഡ് ഫാമിലി പെൻഷൻ നൽകാൻവേണ്ടി 1-4-1964 മുതൽ 30-9-1977 വരെ പെൻഷൻപറ്റിയവരുടെ പക്കൽനിന്നും രണ്ടു മാസത്തെ ശമ്പളം പിടിച്ചുവച്ചതിനു പകരം 4 മാസത്തെ പെൻഷൻ തുക തിരിച്ചു കൊടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(8) ലിബറലൈസ്ഡ് ഫാമിലി പെൻഷന്റെ ആനുകൂല്യം 1-4-1964നു മുൻപ് പെൻഷൻ പറ്റിയവർക്കും പ്രസ്തുത പെൻഷൻ സ്കീം ഓപ്ട് ചെയ്തിട്ടില്ലാത്തവർക്കും കൂടി നൽകുക.

(9) പെൻഷൻ കമ്മ്യൂട്ട് ചെയ്തവർക്ക് 15 വർഷം കഴിയുമ്പോൾ മുഴുവൻ പെൻഷൻ അനുവദിക്കുക എന്നുള്ളത് 12 വർഷം കഴിയുമ്പോൾ മുഴുവൻ പെൻഷൻ അനുവദിക്കുക എന്നാക്കുക.

(10) ഗവൺമെന്റ് ഹോസ്പിറ്റലുകളിലെ പേ വാർഡിന്റെ വാടകനിരക്കിലുള്ള ഇളവ് പെൻഷൻകാരുടെ പ്രായപൂർത്തിയാകാത്ത മക്കൾക്കുംകൂടി നൽകുക.

(11) 70 വയസ്സ് കഴിഞ്ഞ എല്ലാ പെൻഷൻകാർക്കും പ്രതിമാസം 25 രൂപ നിരക്കിൽ വൈദ്യസഹായ അലവൻസ് അനുവദിക്കുക.

(12) എല്ലാ മാസവും പെൻഷൻ മുൻകൂറായി നൽകുന്നതുപോലെ കുടുംബപെൻഷനും മുൻകൂറായി നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(13) പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു കിട്ടുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും ഇക്കാര്യത്തിൽ അപ്പോഴപ്പോൾ ഉള്ള പരാതികൾക്ക് നടപടി എടുക്കാനായി ഒരു പരാതി സെൽ രൂപീകരിക്കുക.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന ശുപാർശകളിൽ 1, 6, 8, 10, 11,12,13, എന്നീ ശുപാർശകൾ 11-2-1986-ലെ ജി.ഒ. (പി) 146/86/ഫിൻ., 19-3-1986-ലെ ജി.ഒ. (പി) 235/86(45)/ഫിൻ. എന്നീ ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

(സി) ചർച്ച നടത്തുകയുണ്ടായി.

(ഡി) നാലാം കേന്ദ്ര ശമ്പളകമ്മീഷന്റെ ശുപാർശകളിൽ പെൻഷൻകാരുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എടുക്കുന്ന തീരുമാനം അറിഞ്ഞ ശേഷം സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ഇ) ഉത്തരം 'ഡി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാന ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ട് ജോലികൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ നടപടി

1986 [3058] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:

,, പി. കുമാരൻ:

,, കെ.ടി. കുമാരൻ:

ഡോ. എ. സുബ്ബറാവു:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ അക്കൗണ്ടന്റ് ജനറൽ ആഫീസിൽ ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാനജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ജോലികൾ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കംപ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സംസ്ഥാനത്തിന് ഉണ്ടാകാവുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്ര?

ഉത്തരം

(എ) ഇക്കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(ബി) സാമ്പത്തിക ബാദ്ധ്യത കണക്കാക്കപ്പെട്ടിട്ടില്ല.

സംസ്ഥാന ജീവനക്കാർക്ക് ടി.എ.

1987 [3059] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് ടി. എ. നൽകുന്നത് ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ്;

(ബി) കെ. എസ്. ആർ. പാർട്ട് രണ്ടിൽ ഉൾപ്പെടാത്ത ഏതെങ്കിലും നിയമം ഇതിനു ബാധകമാണോ?

LIBRARY ARCHIVES Kerala Legislative Assembly